**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1649** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് ഭവന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഭവന പദ്ധതികളുടെ പ്രധാന ഗുണഭോക്താക്കളായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ഭവന പദ്ധതിയിൽ ആവശ്യമായ പരിഗണന ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഭൂമിയുള്ള പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക പരിഗണന നൽകി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി 2019-ൽ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പ് ഡയറക്ടർമാർ മുഖേന അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി ഗ്രാമസഭ/വാർഡ്സഭ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അംഗീകാരത്തോടെ ലിസ്റ്റ് അന്തിമമാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള പട്ടികജാതി പട്ടിക വർഗ്ഗ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2022 മുതൽ സർക്കാരിന്റെ 15/11/2022-ലെ സ.ഉ.(സാധാ) 2806/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക പരിഗണന നൽകി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നു.

ഇതിന് പുറമെ പട്ടിക ജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ടി വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ എന്നിവയിലൂടെയും ഭൂമി ലഭ്യമാക്കുന്നതിനും ഭൂമി ലഭ്യമായിട്ടുള്ളവർക്ക് ലൈഫ് ഭവനപദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,56,631 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 1,29,933 വീടുകളുടെയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 53,707 കുടുംബങ്ങൾക്ക് ഭവന

നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 47,005 വീടുകളുടെയും, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 17,063 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 15,260 വീടുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത വിഭാഗങ്ങൾക്കായി പ്രത്യേക ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ചു വരുന്നു.

**(സി)** വിവിധ വകുപ്പുകളുടെ ഭവന പദ്ധതി ഫണ്ടുകൾ സംയോജിപ്പിച്ച് നടപ്പാക്കുന്ന ലൈഫ് പദ്ധതിക്ക് ആവശ്യമായ വേഗത കൈവരിക്കുന്നില്ലെന്ന വിമർശനം നിലവിലുണ്ടോ; അറിയിക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിവിധ കേന്ദ്ര/ സംസ്ഥാന ഭവനപദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ട് നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2017 മുതൽ 15/06/2026 വരെ 6,09,514 വീടുകൾ അനുവദിച്ചതിൽ 5,02,401 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഓരോ വർഷവും ടാർജറ്റ് നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലൂടെ ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമായി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**